
# കാർട്ടറിന്റെ പുസ്തകം സയണിസ്റ്റ് ലോബിക്ക് ഇരുട്ടടി

**ഫലസ്തീൻ** മണ്ണിൽ അര നൂറ്റാണ്ടിലേറെയായി ഇസ്രയേൽ തുടരുന്ന അധിനിവേശവും ഭീകരതാണ്ഡവവുമാണ് മേഖലയിലെ അശാന്തിക്ക് പ്രഥമവും പ്രധാനവുമായ കാരണമെന്ന് ഏതെങ്കിലും അമേരിക്കൻ നേതാവ് വെട്ടിത്തുറന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അത് മുൻ പ്രസിഡന്റ് ജിമ്മി കാർട്ടറാണ്. *Palestine: Peace Not Apartheid* (ഫലസ്തീൻ: വർണവെറിയല്ല സമാധാനം) എന്ന പുസ്തകത്തിലൂടെ കാർട്ടർ ഈ വസ്തുത വരച്ചുകാട്ടിയതോടെ ഇസ്രയേലിലെ സയണിസ്റ്റുകളേക്കാൾ ശക്തിയോടെ രംഗത്തുവന്നത് അമേരിക്കയിലെ സയണിസ്റ്റ് ലോബിയാണ്. എക്കാലവും സയണിസ്റ്റുകളുമായി കൂട്ടുകൃഷി നടത്തിയ ചരിത്രമുള്ള അമേരിക്കയുടെ സമുന്നത നേതാക്കളിലൊരാൾ ഇസ്രയേലിനെതിരെ പരസ്യമായി രംഗത്തുവന്നത് പലർക്കും ഇരുട്ടടിയായി അനുഭവപ്പെട്ടത് സ്വാഭാവികം. കഴിഞ്ഞ വർഷം നവംബർ 14-ന് പുറത്തിറങ്ങിയ കാർട്ടറുടെ പുസ്തകം ചൂടപ്പം പോലെ വിറ്റഴിഞ്ഞു എന്നു മാത്രമല്ല, പുസ്തകത്തിനെതിരെ സയണിസ്റ്റ് ലോബിയും അമേരിക്കയിലെ രണ്ടു പ്രമുഖ പത്രങ്ങളും (*വാഷിംഗ്ടൺ പോസ്റ്റും ന്യൂയോർക്ക് ടൈംസും*) നടത്തിയ എതിർ പ്രചാരണങ്ങളൊന്നും ഫലം ചെയ്തുമില്ല. *ന്യൂയോർക്ക് ടൈംസി*ന്റെ ബെസ്റ്റ് സെല്ലർ പട്ടികയിൽ കാർട്ടറുടെ പുസ്തകം സ്ഥാനം പിടിക്കുകയും ചെയ്തു. ഗ്രന്ഥം രചിക്കാനുള്ള പ്രചോദനം കാർട്ടർ വ്യക്തമാക്കുകയുണ്ടായി:

'അമേരിക്കക്കാർക്ക് അജ്ഞാതമായ മിഡിലീസ്റ്റിനെ സംബന്ധിച്ച യാഥാർഥ്യം പുറത്തുകൊണ്ടുവരുകയെന്നതാണ് രചനയുടെ ആത്യന്തിക ലക്ഷ്യം. ഇതു സംബന്ധിച്ച് ആരോഗ്യകരമായ ചർച്ചകൾ നടക്കാനും അതുവഴി ആറു വർഷമായി നിലച്ച സമാധാന ചർച്ചകൾ പുനരാരംഭിച്ച് ഇസ്രയേലിനും അയൽക്കാർക്കും ശാശ്വത സമാധാനം കൈവരിക്കാനുമുള്ള പാത ഒരുക്കുകയാണ് എന്റെ ഉദ്ദേശ്യം.'




പുസ്തകത്തിലെ പ്രധാന പോയിന്റുകൾ ഇങ്ങനെ സംഗ്രഹിക്കാം:

37 വർഷമായി ഫലസ്തീൻ ഭൂമി കൈയടക്കിവെച്ചിരിക്കുന്ന ഇസ്രയേൽ നൂറുകണക്കിന് കേന്ദ്രങ്ങൾ കോളനികളാക്കിയിരിക്കുകയാണ് (1967-ൽ ഇസ്രയേൽ പിടിച്ചെടുത്ത ഭൂപ്രദേശങ്ങൾ മാത്രമാണ് കാർട്ടർ അധിനിവേശത്തിൽ പെടുത്തിയിരിക്കുന്നത്).

സ്വന്തം വീടുകളിൽനിന്നും ഭൂപ്രദേശത്തുനിന്നും ആരാധനാലയങ്ങളിൽ നിന്നും ആട്ടിയോടിക്കപ്പെട്ട ഫലസ്തീനികൾക്ക് പ്രതിഷേധിക്കാൻ പോലും അവകാശം നൽകുന്നില്ല. പ്രതിഷേധകരെ നിഷ്ഠുരം അടിച്ചമർത്തുകയാണ് ഇസ്രയേൽ പട്ടാളം. ഫലസ്തീൻ പൗരന്മാർക്കും ഇസ്രയേലീ കുടിയേറ്റക്കാർക്കും പ്രത്യേകം നിയമങ്ങളാണ്. ഫലസ്തീനികൾക്ക് സഞ്ചാരത്തിനുപോലും കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിരവധി ചെക്ക് പോയിന്റുകളിലൂടെ കടന്നുവേണം അവർക്ക് ലക്ഷ്യത്തിലെത്താൻ.

വെസ്റ്റ് ബാങ്കിലെയും മറ്റു പ്രദേശങ്ങളിലെയും ഫലസ്തീനികളെ വൻ മതിൽ പണിത് വേർപ്പെടുത്തിയിരിക്കുന്നു. ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനമാണിത്. ആയിരക്കണക്കിന് വൃക്ഷങ്ങൾ വെട്ടിമാറ്റിയും ഫലസ്തീനികളുടെ ഏക്കർ കണക്കിന് ഭൂമി കവർന്നെടുത്തുമാണ് മതിൽ പണിതത്.

വൻ മതിലിനു പുറമെ ജോർദാൻ നദീ താഴ്‌വരയുടെ സമ്പൂർണ നിയന്ത്രണവും ഇസ്രയേൽ കൈപ്പിടിയിലൊതുക്കിയിരിക്കുന്നു. ഗസ്സയിലെ ജനങ്ങൾക്ക് പുറംലോകവുമായി ബന്ധപ്പെടാൻ രണ്ടു മാർഗങ്ങളേയുള്ളൂ. അവ രണ്ടും ഇസ്രയേലിന്റെ നിയന്ത്രണത്തിലാണ്.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഹമാസ് സ്ഥാനാർഥികൾക്ക് വോട്ടുനൽകി വിജയിപ്പിച്ചതിന് ഇസ്രയേലും അമേരിക്കയും ചേർന്ന് ഫലസ്തീനികളെ ശിക്ഷിക്കുകയാണ്. 42 ശതമാനം ജനങ്ങളും ഹമാസിനാണ് വോട്ടു നൽകിയത്. ഇതേത്തുടർന്ന് സാമ്പത്തിക ഉപരോധത്തിലൂടെ ഫലസ്തീൻ ജനതയെ ശിക്ഷിക്കുകയാണ്. അധ്യാപകർ, നഴ്സുമാർ, പോലീസ് തുടങ്ങി സർക്കാർ ജീവനക്കാർ ശമ്പളം കിട്ടാതെ പ്രയാസപ്പെടുന്നു. ഗസ്സയിലെ ഭക്ഷ്യ വിതരണം സബ് സഹാറൻ ആഫ്രിക്കയിലെ പട്ടിണിയിൽ കഴിയുന്ന കുടുംബങ്ങളുടേതിന് തുല്യമാണെന്ന് യു.എൻ ഏജൻസികൾ മുന്നറിയിപ്പ് നൽകുന്നു. പകുതിയോളം കുടുംബങ്ങളും ദിവസം ഒരു നേരത്തെ ആഹാരവുമായാണ് കഴിച്ചുകൂട്ടുന്നത്.

ഫലസ്തീൻ അതോറിറ്റി പ്രസിഡന്റ്, പി.എൽ.ഒ നേതാവ് എന്നീ നിലകളിൽ കഴിഞ്ഞ ആറു വർഷമായി മഹ്മൂദ് അബ്ബാസ് ഇസ്രയേലുമായി ചർച്ചകളിലൂ

ടെ പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നുണ്ടെങ്കിലും വിജയിച്ചില്ല. ഇത്തരം ചർച്ചകളെ ഹമാസ് നേതാക്കൾ പിന്തുണച്ചിരുന്നു. ചർച്ചകളുടെ ഫലം ഫലസ്ത്വീൻ ജനത അംഗീകരിക്കണമെന്ന നിബന്ധന മാത്രമേ അവർ മുന്നോട്ടുവെച്ചിട്ടുള്ളൂ. മാത്രമല്ല, 2004 ആഗസ്റ്റ് മുതൽ ഏകപക്ഷീയ വെടിനിർത്തലും ഹമാസ് പ്രഖ്യാപിച്ചിരുന്നു.

യു.എൻ പ്രമേയങ്ങൾ, 1978-ലെ ക്യാമ്പ് ഡേവിഡ് കരാർ, '93-ലെ ഓസ്ലോ കരാർ തുടങ്ങിയ മുഴുവൻ അന്താരാഷ്ട്ര കരാറുകളും അധിനിവേശ പ്രദേശങ്ങളിൽനിന്ന് ഇസ്രയേൽ പിന്മാറണമെന്ന് ആവശ്യപ്പെടുന്നു. അതോടൊപ്പം, നിയമപരമായ അതിരുകൾക്കുള്ളിൽ സമാധാനപൂർവം കഴിയാനുള്ള ഇസ്രയേലിന്റെ അവകാശത്തെ അംഗീകരിക്കുമെന്ന് 23 അറബ് രാഷ്ട്രങ്ങളുടെ (അറബ് ലീഗ്) പ്രഖ്യാപനം ഫലസ്ത്വീനികളും പാലിക്കണം.

ഇസ്രയേൽ-ഫലസ്ത്വീൻ വിഷയത്തിൽ മുഖം നോക്കാതെ അഭിപ്രായ പ്രകടനം നടത്തിയ ജിമ്മി കാർട്ടറുടെ ധീരതയെ നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ പ്രകീർത്തിക്കുകയുണ്ടായി. ഇസ്രയേലീ ചരിത്രകാരനും ഗ്രന്ഥകാരനുമായ ടോം സെഗെവ്, ബ്രിട്ടീഷ് പത്രപ്രവർത്തകനും ലണ്ടനിലെ *ഇന്റിപെന്റന്റ്* ദിനപത്രത്തിന്റെ മധ്യപൗരസ്ത്യദേശ ലേഖകനുമായ റോബർട്ട് ഫിസ്ക്, കനഡയിലെ ലേബർ യൂനിയൻ നേതാവ് സിദ് റയാൻ എന്നിവർ അവരിൽ ചിലരാണ്. എന്നാൽ പുസ്തകത്തിന്റെ വിമർശകരാവട്ടെ, അതിന്റെ പ്രമേയത്തെ മൊത്തം എതിർക്കുകയല്ല ചെയ്തത്. ഗ്രന്ഥകാരന്റെ ചില പദപ്രയോഗങ്ങളാണ് അവരെ ചൊടിപ്പിച്ചത്. അതിലൊന്ന് ഇസ്രയേലിനെ വർണവെറിയുമായി ബന്ധപ്പെടുത്തിയുള്ള പരാമർശമാണ്. പുസ്തകത്തിലൊരിടത്ത് ഉപതലക്കെട്ടിൽ ഇസ്രയേലീ വർണവിവേചനം എന്ന് പരാമർശിച്ചത് ശരിയായില്ലെന്നാണ് അവരുടെ നിലപാട്. ദക്ഷിണാഫ്രിക്കയിലെ മുൻ വർണവെറിയൻ ഭരണകൂടത്തെയും ഇസ്രയേലിനെയും താരതമ്യപ്പെടുത്തുകയാണ് കാർട്ടറെന്നാണ് ഇവരുടെ പരാതി. *ന്യൂയോർക്ക് ടൈംസിൽ* 2006 ഡിസംബർ 13-ന് ജൂലി ബോസ്മാൻ എഴുതിയ ലേഖനം ഉദാഹരണം.

വിവാദം ശല്യപ്പെടുത്താൻ തുടങ്ങിയപ്പോൾ കാർട്ടർ ഒന്നയഞ്ഞു. അപ്പാർത്തീഡുമായി ഇസ്രയേലിനെ ബന്ധപ്പെടുത്തിയിട്ടില്ലെന്നും അധിനിവിഷ്ട പ്രദേശങ്ങളിലെ ഇസ്രയേലിന്റെ ചെയ്തികളെ പരാമർശിക്കുകയായിരുന്നുവെന്നും അദ്ദേഹം നൽകിയ വിശദീകരണമൊന്നും വിമർശകരെ തൃപ്തിപ്പെടുത്തിയില്ല.

പുസ്തകത്തെ വിമർശിച്ച് *ന്യൂയോർക്ക് ടൈംസ്* ബുക്ക് റിവ്യൂവിൽ (ജനുവരി 7) ഡെപ്യൂട്ടി ഫോറിൻ എഡിറ്റർ എതാൻ ബ്രോണർ എഴുതിയ ലേഖനത്തിൽ കാർട്ടറുടെ വിലയിരുത്തൽ പഴങ്കഥയാണെന്ന് സമർഥിക്കാനാണ് ശ്രമിക്കുന്നത്. തെക്കൻ ലബനാനിൽനിന്നും ഗസ്സയിൽനിന്നും ഇസ്രയേൽ പിൻവാങ്ങിയിട്ടും പ്രസ്തുത പ്രദേശങ്ങളിൽ ആക്രമണങ്ങൾ അവസാനിക്കുന്നില്ലല്ലോ എന്നാണ് ബ്രോണറുടെ ചോദ്യം. *ന്യൂയോർക്ക് ടൈംസിന്റെ* പാത പിന്തുടർന്ന് മുഖ്യധാരാ അമേരിക്കൻ പത്രങ്ങളൊക്കെ ജിമ്മി കാർട്ടറെ പഴിപറഞ്ഞ് ലേഖനങ്ങളെഴുതി.

അമേരിക്കൻ ജൂത നേതാക്കൾ സ്ഥാപിച്ച ബോസ്റ്റണിലെ ബ്രാന്റീസ് സർവകലാശാലയിൽ കഴിഞ്ഞ ദിവസം പുസ്തകത്തെക്കുറിച്ച് നടന്ന ചർച്ചയിൽ പങ്കെടുത്ത് 15 ചോദ്യങ്ങൾക്ക് കാർട്ടർ മറുപടി പറയുകയുണ്ടായി. പുസ്തകം വിവാദമാക്കുന്നതിലും വിമർശിക്കപ്പെടുന്നതിലും തനിക്കും കുടുംബത്തിനുമുള്ള പ്രയാസം സദസ്സുമായി പങ്കുവെച്ച മുൻ പ്രസിഡന്റ്, സയണിസ്റ്റുകളെ പ്രീണിപ്പിക്കാൻ ചെറുതായൊന്ന് ചുവടുമാറ്റുകയും ചെയ്തു. ഇസ്രയേൽ ഭീകരതക്കെതിരെ അധിനിവിഷ്ട പ്രദേശത്ത് നടക്കുന്ന ചാവേറാക്രമണങ്ങളെ ന്യായീകരിക്കുന്ന തരത്തിൽ വ്യാഖ്യാനിക്കാനിടയുള്ള പുസ്തകത്തിലെ പരാമർശങ്ങൾ അടുത്ത പതിപ്പിൽ തിരുത്താമെന്നായിരുന്നു അദ്ദേഹം നൽകിയ ഉറപ്പ്. ഫലസ്ത്വീനികൾക്കെതിരെ വർണവിവേചനം നടക്കുന്നുണ്ട് എന്ന പരാമർശം ബോധപൂർവമായിരുന്നുവെന്ന് വ്യക്തമാക്കിയ കാർട്ടർ, ചാവേർ സ്ഫോടനങ്ങളെ സംബന്ധിച്ചും വസ്തുനിഷ്ഠമായ നിലപാടാണ് പുസ്തകത്തിൽ സ്വീകരിച്ചത്. സയണിസ്റ്റുകളും അവരുടെ സ്വന്തക്കാരായ അമേരിക്കയിലെ ഭരണ, മാധ്യമവർഗവും കൂട്ടത്തോടെ തനിക്കെതിരെ തിരിയുമെന്ന ഭയമാണ് ചാവേർ പരാമർശം ഒഴിവാക്കാമെന്ന അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രകടമാകുന്നത്.

സയണിസത്തെ തൊട്ടുകളിച്ചാൽ വെറുതെയിരിക്കില്ലെന്ന സന്ദേശമാണ്, സത്യം പറയാൻ ധൈര്യം കാട്ടിയ മുൻ പ്രസിഡന്റും സമാധാനത്തിനുള്ള 2002-ലെ നോബൽ സമ്മാന ജേതാവുമായ ജിമ്മി കാർട്ടർക്ക് അമേരിക്കൻ മാധ്യമങ്ങൾ നൽകിയിരിക്കുന്നത്. ഫലസ്ത്വീനിൽ ഹമാസ് വിജയം കൊയ്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിരീക്ഷകനായി പങ്കെടുത്ത് നീതിയുക്തമായ തെരഞ്ഞെടുപ്പെന്ന് ക്ലീൻ ചിറ്റ് നൽകിയ കാർട്ടർ സമാധാനശ്രമങ്ങളുമായി രംഗത്തുള്ള നേതാവാണ്. ജൂത ഭീഷണികൾക്കു മുന്നിൽ അൽപം വളഞ്ഞെങ്കിലും അമേരിക്കയുടെ സയണിസ്റ്റ് ബാന്ധവം കണക്കിലെടുക്കുമ്പോൾ സത്യം തുറന്നു പറയാനുള്ള ധീരത അൽപമൊക്കെ കാർട്ടർ പ്രകടിപ്പിച്ചുവെന്ന് സമ്മതിക്കേണ്ടതുണ്ട്. സയണിസത്തെ വിമർശിക്കുന്നത് കൊടിയ പാതകമായി അവതരിപ്പിക്കപ്പെടുന്ന കാലമാണിത്. രണ്ടാം ലോകയുദ്ധ വേളയിൽ യൂറോപ്പിലെയും വടക്കൻ ആഫ്രിക്കയിലെയും ജൂതന്മാരെയും മറ്റു ന്യൂനപക്ഷ വിഭാഗക്കാരെയും ഹിറ്റ്ലറുടെ നാസി ജർമനി ഉന്മൂലനം ചെയ്തുവെന്ന് പറയപ്പെടുന്ന സംഭവം (ഹോളോകോസ്റ്റ്) നിഷേധിക്കുന്നവരെ സെമിറ്റിക് വിരുദ്ധരെന്ന് മുദ്രകുത്തുന്നതാണ് അതിലൊന്ന്. ഹോളോകോസ്റ്റ് നിഷേധിക്കുന്നവരെ പങ്കെടുപ്പിച്ച് അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചതിന് ഇറാനെ അപലപിക്കാൻ യൂറോപ്പും അമേരിക്കയും ഒന്നിച്ചണിനിരക്കുകയായിരുന്നു. ഹോളോകോസ്റ്റ് നിഷേധത്തെ അപലപിക്കുന്ന അന്താരാഷ്ട്ര നിയമം യു.എൻ പൊതുസഭയിൽ പാസ്സാക്കാൻ അമേരിക്കയുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്. പ്രമേയം സ്പോൺസർ ചെയ്യാൻ മാത്രം എൺപതിലേറെ രാജ്യങ്ങളാണ് രംഗത്തുവന്നത്. സയണിസ്റ്റുകളെ പ്രീണിപ്പിക്കാൻ, ഹോളോകോസ്റ്റ് നിഷേധം ശിക്ഷാർഹമായ കുറ്റമായി നിരവധി യൂറോപ്യൻ രാജ്യങ്ങൾ നേരത്തേ പ്രഖ്യാപിച്ചിരുന്നു. ഫ്രാൻസിലെ ദേശീയ അസംബ്ലി 1990 ജൂലൈ 13-ന് പാസ്സാക്കിയ നിയമപ്രകാരം ഹോളോകോസ്റ്റ് നിഷേധിക്കുന്നവർക്ക് ഒരു മാസം തടവും പിഴയും മുതൽ രണ്ടു വർഷം തടവു വരെയാണ് ശിക്ഷ. The Founding Myths of Israeli Politics എന്ന ഗ്രന്ഥത്തിലൂടെ (1995) ചരിത്ര വസ്തുതകളുടെ പിൻബലത്തിൽ ഹോളോകോസ്റ്റ് നിഷേധിച്ചതിന് ഫ്രഞ്ച് വംശജനും ദാർശനികനുമായ റജാ (റോജർ) ഗരോഡിക്ക് 40,000 ഡോളർ പിഴയിട്ട രാജ്യമാണ് ഫ്രാൻസ്. ഗരോഡിയുടെ പിഴശിക്ഷയിൽ ഒരു വിഹിതം ഇറാനാണ് നൽകിയതെന്നും റിപ്പോർട്ടുണ്ട്. ഗരോഡി മാത്രമല്ല, ഫ്രഞ്ച് ചിന്തകരും എഴുത്തുകാരുമായ പോൾ റാസിനറും മൗറിസ് ബാർദേയും റോബർട്ട് ഫോറിസനുമൊക്കെ ഹോളോകോസ്റ്റ് നിഷേധിച്ചവരാണ്.

അഭിപ്രായ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടാനും വ്യത്യസ്ത വീക്ഷണങ്ങൾ ചർച്ചചെയ്യാനുള്ള വേദികൾ ഇല്ലായ്മ ചെയ്യാനും മുന്നിട്ടിറങ്ങുന്ന ഇക്കൂട്ടരാണ് മുസ്‌ലിംകളെ അസഹിഷ്ണുക്കളെന്നും സഹിഷ്ണുതയുടെ ജീൻ ഇല്ലാത്തവരെന്നും ആക്ഷേപിക്കുന്നത് എന്നതാണ് ഏറെ പരിഹാസ്യം.

aboozainab@yahoo.uk